# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 17, ബുധൻ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി

ജലവിഭവ വകുപ്പുമന്ത്രി

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി

പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

### സ്വകാര്യ ലാബുകളിലെ ഫീസ് ഏകീകരിക്കാൻ നടപടി

*361. ശ്രീ.എ.എ.അസീസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സ്കാനിംഗ് സെന്ററുകൾ ഒരേതരം സ്കാനിംഗിന് ഈടാക്കുന്ന ഫീസ് വളരെ വ്യത്യസ്തമാണെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ സ്കാനിംഗ് സെന്ററുകൾക്ക് ഏകീകൃത ഫീസ് ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് നിരവധി അനധികൃത ലാബുകൾ പ്രവർത്തിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ലാബുകളുടെ ക്ഷമതയും, പ്രവർത്തനവും, ലൈസൻസും പരിശോധിക്കാൻ എന്തൊക്കെ നടപടികളാണു സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ?

### ആശുപത്രി മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ

*362. ശ്രീ.സി.കെ സദാശിവൻ

,, എം.ചന്ദ്രൻ

,, കെ.വി.അബ്ദുൾ ഖാദർ

,, വി.ശിവൻകുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും

ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രി മാലിന്യസംസ്കരണത്തിനായി സംസ്ഥാനത്തുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് ;

(ബി) ഐ.എം.എ സ്വകാര്യമേഖലയിൽ മാലിന്യ സംസ്കരണത്തിനായി സ്ഥാപിച്ചിട്ടുള്ള സ്ഥാപനത്തെക്കുറിച്ച് ഉയർന്നു വന്നിട്ടുള്ള പരാതി അന്വേഷിച്ചിരുന്നോ ?

<u>കടൽ-കായൽ ജല ശുദ്ധീകരണശാലകൾ</u>

*363. ശ്രീ.കെ.ശിവദാസൻ നായർ

,, വി.റ്റി.ബൽറാം

,, സി.പി.മുഹമ്മദ്

,, വർക്കല കഹാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റി കടൽ-കായൽ ജല ശുദ്ധീകരണശാലകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിന് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) കുടിവെള്ളക്ഷാമം പരിഹരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

<u>ആരോഗ്യ സംരക്ഷണത്തിന് പുതിയ ഏജൻസി</u>

*364. ശ്രീ.കെ.കുഞ്ഞിരാമൻ **(**തൃക്കരിപ്പൂർ**)**

,, എളമരം കരീം

,, സി.രവീന്ദ്രനാഥ്

,, എസ്.ശർമ്മ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യ സംരക്ഷണത്തിന് പുതിയ ഏജൻസി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏജൻസിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ അറിയിക്കാമോ;

(ബി) പുതിയ ഏജൻസിയുടെ പ്രവർത്തനം ഏത് തരത്തിൽ ഉള്ളതായിരിക്കുമെന്നാണ് വിഭാവനം ചെയ്തിരിക്കുന്നത്;

(സി) പൊതുജനാരോഗ്യ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധികൾ എന്തൊക്കെയെന്നാണ് വിലയിരുത്തിയിരിക്കുന്നത്;

## കുടിവെള്ളത്തിലെ വിഷാംശം

*365. ശ്രീ.ഇ.കെ.വിജയൻ

,, പി.തിലോത്തമൻ

,, ജി.എസ്.ജയലാൽ

,, മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ച വ്യാധികൾ കൂടുന്നതിനുള്ള മുഖ്യകാരണം കുടിവെള്ളത്തിലെ വിഷാംശമാണെന്ന് സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡും ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടും റിപ്പോർട്ട് നൽകിയിട്ടുണ്ടോ;എങ്കിൽ ഇപ്രകാരം ലഭിച്ച റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കുടിവെള്ളത്തിൽ വിഷവസ്തുക്കളുടെ സാന്നിദ്ധ്യം കൂടുതലായിട്ടുള്ള മേഖലകൾ ഏതെല്ലാമാണെന്നാണ് ഈ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) കുടിവെള്ളത്തിലെ രാസവസ്തുക്കളുടെ അനുവദനീയമായ അളവുകളെ സംബന്ധിച്ച് ഇൻഡ്യൻ ബ്യൂറോ ഓഫ് സ്റ്റാൻഡേർഡ്സിന്റെ വെളിപ്പെടുത്തലുകൾ എന്തെല്ലാം;

(ഡി) ഈ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

## ജനനി അഫോർഡബിൾ ഹൗസിംഗ് സ്കീം പദ്ധതി

*366. ശ്രീ.അൻവർ സാദത്ത്

,, പി.സി വിഷ്ണുനാഥ്

,, ലൂഡി ലൂയിസ്

,, വി.റ്റി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് ജനനി അഫോർഡബിൾ ഹൗസിംഗ് സ്കീം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ നൽകുമോ;

(സി) പദ്ധതി വഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

<u>കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി</u>

*367. ശ്രീ.കെ. ദാസൻ

,, കെ.കെ.നാരായണൻ

,, കെ.കുഞ്ഞിരാമൻ (ഉദുമ)

,, കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കടുത്ത പ്രതിസന്ധി നേരിടുകയാണെന്ന് ബോർഡിന്റെ ചെയർമാൻ തന്നെ പ്രസ്താവിക്കാനിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സർക്കാർ വിഹിതം അടിയന്തരമായി നൽകാനും ഭൂവുടമാ വിഹിതം കൃത്യമായി പിരിച്ചെടുത്ത് ക്ഷേമനിധി ബോർഡിന് നൽകുന്നുവെന്ന് ഉറപ്പാക്കാനും നടപടി സ്വീകരിക്കുമോ?

<u>പറമ്പിക്കുളം ആളിയാർ കരാർ</u>

*368. ഡോ.കെ.ടി.ജലീൽ

ശ്രീ.എം.ചന്ദ്രൻ

,, ബി.ഡി. ദേവസ്സി

,, വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം ആളിയാർ കരാർ പുതുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) തമിഴ് നാടിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന കരാർ ലംഘനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കരാർ പുന:പരിശോധിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(സി) ഭാരതപ്പുഴ വറ്റി വരളുന്നതിനും ചാലക്കുടിപ്പുഴയുടെ ചില ഭാഗങ്ങൾ വരളുന്നതിനും പറമ്പിക്കുളം ആളിയാർ പദ്ധതി കാരണമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കാൻ വേണ്ടി എന്തൊക്കെ കാര്യങ്ങൾ സമയബന്ധിതമായി ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ?

<u>വാട്ടർ അതോറിറ്റിയുടെ അദാലത്തുകൾ</u>

*369. ശ്രീ.ആർ . സെൽവരാജ്

,, അൻവർ സാദത്ത്

,, ഷാഫി പറമ്പിൽ

,, ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം തലത്തിലാണ് പ്രസ്തുത അദാലത്തുകൾ നടത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പരാതികൾ സമർപ്പിക്കുന്നതിനും അതിന് പരിഹാരം കാണുന്നതിനും എന്തെല്ലാം സംവിധാനമാണ് പ്രസ്തുത അദാലത്തുകളിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിരിക്കുന്നത് ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

<u>പമ്പ-അച്ചൻകോവിൽ- വൈപ്പാർ നദീ സംയോജന പദ്ധതി</u>

*370. ശ്രീ.ചിറ്റയം ഗോപകുമാർ

,, സി.ദിവാകരൻ

ശ്രീമതി.ഇ.എസ്.ബിജിമോൾ

ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ-അച്ചൻകോവിൽ- വൈപ്പാർ നദീ സംയോജന പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ചുള്ള ആശങ്ക കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതു സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) അന്തർ സംസ്ഥാന നദീജലക്കരാറുകൾ പ്രകാരം സംസ്ഥാനത്തിനുള്ള ജലം ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് നേടിയെടുക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>കെ.ടി.ഡി.സി. ഏജ് ഹാൾട്ട്</u>

*371. ശ്രീ.ഷാഫി പറമ്പിൽ

,, ഡൊമിനിക് പ്രസന്റേഷൻ

,, സി.പി.മുഹമ്മദ്

,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി., ഏജ് ഹാൾട്ട് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) വിദേശ ടൂറിസ്റ്റുകൾക്ക് ആയുർവ്വേദ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

## ദേശീയ പട്ടികജാതി കമ്മീഷന്റെ നിർദ്ദേശങ്ങളിന്മേലുള്ള നടപടി

*372. ശ്രീ.ബി.സത്യൻ

,, എ.കെ.ബാലൻ

ശ്രീമതി.കെ.എസ്.സലീഖ

ശ്രീ.പി.റ്റി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പട്ടികജാതി കമ്മീഷൻ സംസ്ഥാനത്തെ സ്ഥിതി സംബന്ധിച്ച് അവലോകനം ചെയ്ത ശേഷം നല്കിയ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ മേഖലയിൽ പട്ടികജാതിക്കാർക്കുള്ള സംവരണത്തിൽ ഉണ്ടായിട്ടുള്ള കുറവ് നികത്തുവാനും എയ്ഡഡ് സ്കൂൾ നിയമനങ്ങളിൽ സംവരണം ഉറപ്പാക്കാനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) സ്വകാര്യ മേഖലയിൽ പട്ടികജാതിക്കാരുടെ പ്രാതിനിധ്യം ഉറപ്പാക്കാൻ നടപടി വേണമെന്ന കമ്മീഷൻ നിർദ്ദേശത്തോടുള്ള സർക്കാർ നിലപാട് വ്യക്തമാക്കാമോ?

## നേഴ്സുമാരുടെ വേതനം

*373. ശ്രീ.രാജു എബ്രഹാം

,, കെ.സുരേഷ് കുറുപ്പ്

ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെച്ചപ്പെട്ട വേതനം ആവശ്യപ്പെട്ടുള്ള സമരം നടത്തിയതിനെ ത്തുടർന്ന് പുരുഷ നേഴ്സുമാർക്ക് നിയമനം നൽകാത്തതിനാലും വനിതാ നഴ്സുമാർക്ക് സ്വകാര്യ മേഖലയിൽ ന്യായമായ വേതനം ലഭിക്കാത്തതുകൊണ്ടും നേഴ്സിംഗ് പഠനത്തിന് വായ്പയെടുത്ത അരലക്ഷത്തിലധികം കുടുംബങ്ങൾ കടക്കെണിയിലായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബലരാമൻ കമ്മീഷൻ റിപ്പോർട്ടിനെ തുടർന്ന് സർക്കാർ നിയമിച്ച വ്യവസായ ബന്ധ സമിതി സ്വകാര്യ മേഖലയിൽ നേഴ്സുമാരുടെ ശമ്പളം നിശ്ചയിക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) സർക്കാർ നിശ്ചയിച്ച മിനിമം വേതനം എൺപതു ശതമാനം സ്വകാര്യ ആശുപത്രികളും നേഴ്സുമാർക്ക് നൽകുന്നില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ വ്യാപകമായ പരിശോധനയ്ക്ക് തൊഴിൽ വകുപ്പ് തയ്യാറാകുമോ?

<u>ഒ.ബി.സി. വിദ്യാർത്ഥികൾക്ക് പ്രീമെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്</u>

*374. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ

,, ബെന്നി ബെഹനാൻ

,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.ബി.സി. വിദ്യാർത്ഥികൾക്ക് പ്രീമെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് പ്രസ്തുത പദ്ധതി വഴി നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രോഗ്രാമിന്റെ നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

## ഭക്ഷ്യവസ്തുക്കൾ വില്ക്കുന്നവർക്ക് ലൈസൻസ്/രജിസ്ട്രേഷൻ

*375. ശ്രീ.ബാബു എം. പാലിശ്ശേരി

,, ടി.വി.രാജേഷ്

,, വി.ശിവൻകുട്ടി

,, എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കൾ വില്ക്കുന്നവരെല്ലാം ലൈസൻസ്/രജിസ്ട്രേഷൻ എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) സ്ഥാപനങ്ങളിൽ പരിശോധന നടത്താതെയാണ് ലൈസൻസ്/രജിസ്ട്രേഷൻ നൽകുന്നതെന്നതിനാൽ ഇവ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കാൻ എന്ത് മാർഗ്ഗമാണുള്ളത്;

(സി) റെസ്റ്റാറന്റുകൾ, ബേക്കറികൾ തുടങ്ങിയ പാചകം ചെയ്ത ഭക്ഷണം വില്ക്കുന്ന സ്ഥാപനങ്ങളും പായ്ക്ക് ചെയ്തും അല്ലാതെയും ആഹാരപദാർത്ഥങ്ങൾ വില്ക്കുന്ന കടകളും ആഹാരയോഗ്യമല്ലാത്തതും മായംകലർന്നതുമായ ആഹാരപദാർത്ഥങ്ങൾ നൽകുന്നത് കൂടുതൽ വ്യാപകമാകുന്നത് തടയാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന് സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിലയിരുത്തിയിട്ടുണ്ടോ; എന്തൊക്കെ പരിഹാര നിർദ്ദേശങ്ങളാണ് പരിഗണിച്ചുവരുന്നതെന്ന അറിയിക്കുമോ?

## മിഷൻ **676-**ൽ ഉൾപ്പെടുത്തിയ പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികൾ

*376. ശ്രീ.എ.കെ.ബാലൻ

,, ബി.സത്യൻ

,, പുരുഷൻ കടലുണ്ടി

,, കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 പദ്ധതിയായി പട്ടികജാതി വികസന വകുപ്പ് പ്രഖ്യാപിച്ച വാത്സല്യനിധി, വിദ്യാജ്യോതി, സ്മൃതിവനം, വായ്പ എഴുതിത്തള്ളൽ എന്നീ പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തിയിരുന്ന തുകയും അധികമായി അനുവദിച്ച തുകയും എത്രയാണ്?

## റൂബെല്ലാ വാക്സിനേഷൻ

*377. ശ്രീ.കെ.രാധാകൃഷ്ണൻ

,, പി.കെ.ഗുരുദാസൻ

ഡോ.കെ.ടി.ജലീൽ

ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന റൂബെല്ലാ വാക്സിനേഷൻ പരിപാടിയുടെ വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പരിപാടി മറ്റ് ഏതൊക്കെ സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടെന്ന അറിയാമോ ; ഇത് നടപ്പാക്കാനുള്ള തീരുമാനത്തിലെത്തിയത് ഏത് ഏജൻസിയുടെ നിർദ്ദേശ പ്രകാരമാണ്; എന്തൊക്കെ കാര്യങ്ങൾ പരിഗണിച്ചിരുന്നു; എത്ര തുക ഇതിനായി നീക്കിവെച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) ആൺ-പെൺ ഭേദമന്യേ സംസ്ഥാനത്തെ എല്ലാ ശിശുക്കൾക്കും നൽകി വരുന്ന എം.എം.ആർ പ്രതിരോധ മരുന്ന് റൂബെല്ലാ രോഗത്തിനുള്ള പ്രതിരോധത്തിന് കൂടിയുള്ളതാണെന്നും അത് ഫലപ്രദമാണെന്നും വ്യക്തമാക്കിയിട്ടുള്ള പശ്ചാത്തലത്തിൽ ഇപ്പോൾ നടപ്പാക്കുന്ന റൂബെല്ലാ വാക്സിനേഷന്റെ പ്രസക്തിയും ഉദ്ദേശ്യവും വ്യക്തമാക്കാമോ?

## അർബൻ സ്ലം ഹെൽത്ത് അപ് ലിഫ്റ്റ്മെന്റ് സ്കീം (USHUS)

*378. ശ്രീ.പി.സി വിഷ്ണുനാഥ്

,, റ്റി.എൻ. പ്രതാപൻ

,, ആർ . സെൽവരാജ്

,, പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബൻ സ്ലം ഹെൽത്ത് അപ് ലിഫ്റ്റ്മെന്റ് സ്കീം (USHUS) ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയോ; എങ്കിൽ എന്ന് മുതൽ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്?

## ടൂറിസം ബോർഡ് രൂപീകരണം

*379. ഡോ.എൻ. ജയരാജ്

ശ്രീ.റോഷി അഗസ്റ്റിൻ

,, എം.വി.ശ്രേയാംസ് കുമാർ

,, പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖല സൃഷ്ടിക്കുന്ന അനുബന്ധ തൊഴിൽ മേഖലയുടെ വ്യാപ്തി എത്രത്തോളമുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ടൂറിസം മേഖലയുടെ വിശാലമായ സാമ്പത്തിക സാമൂഹിക ശൃംഖല ശക്തമാക്കുന്നതിന് സംസ്ഥാനത്ത് ടൂറിസം ബോർഡ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഫാക്ടറിസ് ആന്റ് ബോയ്ലേഴ്സിന്റെ പ്രവർത്തനം</u>

*380. ശ്രീ.എം. ഹംസ

,, പി.കെ.ഗുരുദാസൻ

,, വി.ചെന്താമരാക്ഷൻ

,, ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫാക്ടറിസ് ആന്റ് ബോയ്ലേഴ്സിന്റെ പ്രവർത്തനം നിർജ്ജീവമാണെന്ന ആക്ഷേപം പരിശോധിച്ചിരുന്നോ;

(ബി) കഞ്ചിക്കോട് വ്യവസായ മേഖലയിലെ ഫാക്ടറികൾ സന്ദർശിച്ച തൊഴിൽ മന്ത്രിയുടെ നേതൃത്വത്തിലുള്ള പരിശോധനയിൽ കണ്ട കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) ഇതിനെത്തുടർന്ന് തൊഴിൽ നിയമലംഘനം തടയുന്നതിൽ പരാജയപ്പെട്ടതിന്റെ പേരിൽ ആർക്കെല്ലാം എതിരെ നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ഡി) തൊഴിൽ നിയമ ഭേദഗതി ഇത്തരം പ്രശ്നം കൂടുതൽ വഷളാക്കുമോ ; എങ്കിൽ നിയമഭേദഗതികൾ തിരുത്താൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ?

<u>ജലാശയ വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ അണുബാധ</u>

*381. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

,, സി.മമ്മൂട്ടി

,, പി.ഉബൈദുള്ള

,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ വിനോദ സഞ്ചാരികളുടെ പ്രധാന ആകർഷണ കേന്ദ്രങ്ങളായ ഉൾനാടൻ ജലാശയങ്ങളിൽ കോളിഫോം ബാക്ടീരിയയുടെ അളവ് വളരെ ഉയർന്ന തോതിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിനോദ സഞ്ചാര മേഖലയെ പ്രതികൂലമായി ബാധിക്കുന്ന ഈ പ്രശ്നത്തിൽ വിനോദ സഞ്ചാര വകുപ്പ് എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഫലപ്രദമായ കൂടുതൽ നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ?

## സ്കൂൾ ഹെൽത്ത് പദ്ധതി

*382. ശ്രീ.എം.പി.വിൻസെന്റ്

,, പി.എ.മാധവൻ

,, റ്റി.എൻ. പ്രതാപൻ

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയാന്തരീക്ഷം ആരോഗ്യ പൂർണ്ണമാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) സ്കൂൾ വിദ്യാർത്ഥികളിൽ കാണപ്പെടുന്ന വിവിധ രോഗങ്ങളെ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) സ്കൂൾ ഹെൽത്ത് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ഔഷധ കൃഷിക്കായി കേന്ദ്രഫണ്ട്

*383. ശ്രീ.ജി.എസ്.ജയലാൽ

,, ഇ.ചന്ദ്രശേഖരൻ

,, പി.തിലോത്തമൻ

,, ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും

ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധ കൃഷിക്കായി കേന്ദ്രത്തിൽനിന്നും മൊത്തം അനുവദിച്ച ഫണ്ട് എത്ര; ഇതിൽ ചെലവഴിക്കാത്ത തുകയെത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് ഔഷധ കൃഷിക്കായി ആവിഷ്കരിച്ച നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം ; ഈ പദ്ധതികൾ ഫലവത്താക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഔഷധ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഡ്രഗ്സ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം</u>

*384. ശ്രീ.എം.എ.ബേബി

ശ്രീമതി.കെ.എസ്.സലീഖ

പ്രൊഫ.സി.രവീന്ദ്രനാഥ്

,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം, ഛത്തീസ് ഗഡ് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തിയിരുന്നോ; ;

(ബി) ഗുണമേന്മ ഇല്ലാത്തതും ഹാനികരവുമായ മരുന്നുകളുടെയും സൗന്ദര്യ വർദ്ധക വസ്തുക്കളുടെയും വില്പന തടയാൻ ബോർഡിന് സാധിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) മരുന്നുകളുടെ ഉപയോഗത്തെയും ഗുണമേന്മയേയും കുറിച്ച് തെറ്റായ പരസ്യങ്ങൾ നിത്യേന മാധ്യമങ്ങളിൽ വരുന്നത് തടയാൻ ബോർഡിന് സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ?

<u>ടൂറിസം കേന്ദ്രങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യം</u>

*385. ശ്രീ.തോമസ് ഉണ്ണിയാടൻ

,, സി.എഫ്.തോമസ്

,, റ്റി.യു. കുരുവിള

,, മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പ്രധാന വരുമാന സ്രോതസ്സിലൊന്നായി വികസിക്കുന്ന വിനോദസഞ്ചാര മേഖലയുടെ പ്രത്യേക പ്രാധാന്യം കണക്കിലെടുത്ത് എന്തെല്ലാം പുതിയ പദ്ധതികളാണ് വിഭാവനം ചെയ്ത് നടപ്പാക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ വളരെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിൽ ഉള്ള അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ പുനഃക്രമീകരിക്കുന്നതിന് നടപടി</u>

*386. ശ്രീ.സാജു പോൾ

ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.ഇ.പി.ജയരാജൻ

,, എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-'14 വർഷത്തെ ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ (ജി.കെ.എസ്.എഫ്.) നടത്തിപ്പിനെക്കുറിച്ച് ഉയർന്നുവന്ന പരാതികൾ എന്തൊക്കെയായിരുന്നു; പരാതികൾ പരിഹരിച്ചുകൊണ്ടാണോ ഇത്തവണത്തെ ഫെസ്റ്റിവൽ നടത്താൻ നിശ്ചയിച്ചിരുന്നത്;

(ബി) കഴിഞ്ഞ വർഷം പ്രഖ്യാപിച്ച മെഗാ സമ്മാനങ്ങൾ നൽകിയിരുന്നോ; ഇല്ലെങ്കിൽ അതിന്റെ കാരണം അറിയിക്കുമോ; കഴിഞ്ഞ വർഷം ജി.കെ.എസ്.എഫ്. നടത്തിയ വകയിൽ വ്യാപാരി വ്യവസായി ഏകോപന സമിതി സർക്കാരിന് നൽകാനുള്ള തുക നൽകിയോ; അത് എത്രയായിരുന്നു;

(സി) ബജറ്റിലൂടെയും അതിനുശേഷവും ഉയർത്തിയ നികുതി നിരക്കുകൾ ജി.കെ.എസ്.എഫ്. -നെ എങ്ങനെ ബാധിക്കുമെന്നാണ് വിലയിരുത്തിയിരിക്കുന്നത്; ഇത് പരിഗണിച്ചുകൊണ്ടും ഓൺലൈൻ വ്യാപാരത്തിന്റെ കടന്നുകയറ്റം കണക്കിലെടുത്തും മേളയിൽ വിൽക്കുന്ന ഉല്പന്നങ്ങൾക്ക് നികുതിയിളവ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സംസ്ഥാനത്തിന്റെ തനത് ഉല്പന്നങ്ങൾ ജി.കെ.എസ്.എഫ്.-ന്റെ ഭാഗമായി വിറ്റഴിക്കപ്പെടുന്നതിന് സാധ്യമാകുന്നുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഇ) ഫെസ്റ്റിവലിന്റെ നടത്തിപ്പിനു നിർദ്ദേശിക്കപ്പെട്ട സ്ഥിരം സംവിധാനം എന്തായിരുന്നു; ആയത് നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ?

## മഴവെള്ള സംഭരണം ജനകീയമാക്കുന്നതിന് നടപടി

*387. ശ്രീ.ലൂഡി ലൂയിസ്

,, കെ.അച്ചുതൻ

,, കെ.ശിവദാസൻ നായർ

,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴവെള്ള സംഭരണം ജനകീയമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ?

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) വരൾച്ചയെ പ്രതിരോധിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

## സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം

*388. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ)**

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

ശ്രീമതി.കെ.കെ.ലതിക

ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ എത്തിയതിന് ശേഷം സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തിയ പ്രവൃത്തികൾ എന്തൊക്കെയാണ്;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം നിർമ്മിക്കേണ്ടിയിരുന്ന സബ്സെന്ററുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(സി) ഇതുവരെ എത്ര പ്രൈമറി ഹെൽത്ത് ലബോറട്ടറികൾ പ്രവർത്തന സജ്ജമാക്കിയെന്നും ഇതിനായി സംസ്ഥാന സർക്കാർ ചെലവഴിച്ച തുകയെത്രെയന്നും അറിയിക്കാമോ?

## പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രശസ്ത വിദേശ സർവ്വകലാശാലകളിൽ പഠനത്തിന്

## സ്കോളർഷിപ്പ്

*389. ശ്രീ.വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രശസ്ത വിദേശ സർവ്വകലാശാലകളിൽ പഠനത്തിന് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതി വഴി നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ?

## നദികളെ മാലിന്യവിമുക്തമാക്കാൻ പദ്ധതികൾ

*390. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, എ.റ്റി.ജോർജ്

,, പി.എ.മാധവൻ

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളെ മാലിന്യവിമുക്തമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പദ്ധതി രൂപീകരണത്തിന് ഏതെല്ലാം വകുപ്പുകളുടേയും ഏജൻസികളുടേയും സഹകരണമാണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ

വ്യക്തമാക്കുമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
08-12-2014

പി.ഡി.ശാരംഗധരൻ,

സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].